# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ .ഇ.കെ എം (പി6)959/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 06/08/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ .ഇ.കെ എം (പി6)959/2022 തീയ്യതി: 06/08/2022

# എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 26-05-2022 | 02-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-05-2022 | 02-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സാലി ജോസഫ് , ഓഡിറ്റ് ഓഫീസർ
ശ്രീജ ഉണ്ണികൃഷ്ണൻ , അസി. ഓഡിറ്റ് ഓഫീസർ
റഷീദ് സി എം ,അസി. ഓഡിറ്റ് ഓഫീസർ
ബബിത ബി കുമാർ , സീനി ഗ്രേ. ഓഡിറ്റർ
നബീൽ മുഹമ്മദ് അബ്ബാസ് , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജെസ്സി പീറ്റർ | പ്രസിഡന്റ് | 01-04-2020 | 19-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് സമിതി | സെക്രട്ടറി | 20-11-2020 | 30-12-2020 |
| കെ.ആർ. ജയകുമാർ | പ്രസിഡന്റ് | 31-12-2020 | 31-03-2021 |
| ഇ കെ കൃഷ്ണൻകുട്ടി | സെക്രട്ടറി | 01-04-2020 | 01-11-2020 |
| രാജശ്രീ കെ. | സെക്രട്ടറി | 02-11-2020 | 28-02-2021 |
| ലിജോ ജോൺ | സെക്രട്ടറി | 01-03-2021 | 10-03-2021 |
| സുനിൽകുമാർ ടി.കെ (Head Clerk , Secretary In Charge) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശോബിനി ടി എൻ | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2020 | 08-01-2021 |
| ബാലകൃഷ്ണൻ പി.കെ | അസിസ്റ്റൻറ് എഞ്ചിനീയർ | 09-01-2021 | 15-02-2021 |
| ബെന്നി പി.വി (Retired Assistant Engineer) - Contract Staff | അസിസ്റ്റൻറ് എഞ്ചിനീയർ | 16-02-2021 | 31-03-2021 |
| ഡോ.സുധ സുബി നായർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, തൊട്ടൂർ | 01-04-2020 | 31-01-2021 |
| ഡോ. ഭവ്യ ആർ പ്രസാദ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, തൊട്ടൂർ | 01-02-2021 | 31-03-2021 |
| ഡോ. വിനോദ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ആരക്കുന്നം | 01-04-2020 | 31-03-2021 |
| നസീന | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എടയ്ക്കാട്ടുവയൽ | 01-04-2020 | 05-11-2020 |
| മായ കെ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എടയ്ക്കാട്ടുവയൽ | 06-11-2020 | 31-03-2021 |
| നസീന | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വെളിയനാട് | 01-04-2020 | 05-11-2020 |
| ഹരീഷ്കുമാർ പി.എച്ച് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വെളിയനാട് | 06-11-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.ഉമാനാഥ് പൈ. ജി | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി | 01-04-2020 | 31-03-2021 |
| ഡോ. രാജേഷ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദ ഡിസ്പെൻസറി | 01-04-2020 | 19-02-2021 |
| ഡോ.ശ്രീദേവി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദ ഡിസ്പെൻസറി | 20-02-2021 | 31-03-2021 |
| ഡോ.കവിത പി.വി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ജയ്കുമാർ കെ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ജീന ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ജയ കെ.ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| സതീഷ്കുമാർ പി.ഡി | കൃഷി ഓഫീസർ | 01-04-2020 | 15-07-2020 |
| അഭാ രാജ്(എ.ഒ മണീട്, അഡീഷണൽ ചാർജ്) | കൃഷി ഓഫീസർ | 16-07-2020 | 14-09-2020 |
| ഡെവിലിൻ പീറ്റർസ് സി. | കൃഷി ഓഫീസർ | 15-09-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Saly Joseph (Audit Officer (HG), On 31-05-2022)<br>Last Updated By: Joby George (Computer Assistant, On 04-08-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Saly Joseph (Audit Officer (HG), On 31-05-2022)<br>Last Updated By: Joby George (Computer Assistant, On 04-08-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Saly Joseph (Audit Officer (HG), On 31-05-2022)<br>Last Updated By: Joby George (Computer Assistant, On 04-08-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Saly Joseph (Audit Officer (HG), On 31-05-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Saly Joseph (Audit Officer (HG), On 31-05-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: C.M.Rasheed (Asst. Audit Officer, On 01-06-2022)<br>Last Updated By: Joby George (Computer Assistant, On 04-08-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Saly Joseph (Audit Officer (HG), On 31-05-2022)<br>Last Updated By: Joby George (Computer Assistant, On 04-08-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Saly Joseph (Audit Officer (HG), On 31-05-2022)<br>Last Updated By: Joby George (Computer Assistant, On 04-08-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Saly Joseph (Audit Officer (HG), On 31-05-2022)<br>Last Updated By: Joby George (Computer Assistant, On 04-08-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 31-05-2022)<br>Last Updated By: Joby George (Computer Assistant, On 04-08-2022) | 1-10 |
| 11 | വാടക - വിശദവിവരം ലഭ്യമാക്കുക<br>Written By: Nabeel Muhammad Abbas (Auditor, On 04-06-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-11 |
| 12 | കോവിഡ്-തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് ഭക്ഷ്യ ധാന്യങ്ങൾ വാങ്ങി വിതരണം ചെയ്തു<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 04-06-2022)<br>Last Updated By: Joby George (Computer Assistant, On 04-08-2022) | 1-12 |
| 13 | കോവിഡ് പ്രതിരോധ പ്രവർത്തനം- പി.എച്ച്.സി.കൾക്ക് മുൻകൂർ നൽകിയ തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 04-06-2022)<br>Last Updated By: Joby George (Computer Assistant, On 04-08-2022) | 1-13 |
| 14 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് സാമൂഹ്യ നീതി വകുപ്പിന്റെ രജിസ്ട്രേഷൻ ലഭിച്ചിട്ടില്ല.<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 04-06-2022)<br>Last Updated By: Joby George (Computer Assistant, On 04-08-2022) | 1-14 |
| 15 | തെരുവ് വിളക്ക് വാങ്ങൽ-അപാകതകൾ<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 04-06-2022)<br>Last Updated By: Joby George (Computer Assistant, On 04-08-2022) | 1-15 |
| 16 | ഐ.കെ.എം.വിഹിതം നൽകിയത്-വിനിയോഗ സാക്ഷ്യപത്രം | 1-16 |

| | | |
|---|---|---|
| | ഹാജരാക്കിയില്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 04-06-2022)<br>Last Updated By: Joby George (Computer Assistant, On 04-08-2022) | |
| 17 | ആരക്കുന്നം പി.എച്ച്.സി.യുടെ അടിസ്ഥാന സൗകര്യ വികസനം-എൻ.എച്ച്.എം.ന് കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 04-06-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-17 |
| 18 | എടയ്ക്കാട്ടുവയൽ- കാർഷിക വിപണനകേന്ദ്രം കെട്ടിടത്തിൽ പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്നു<br>Written By: Saly Joseph (Audit Officer (HG), On 02-06-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-18 |
| 19 | എടയ്ക്കാട്ടുവയൽ- കാർഷിക വിപണനകേന്ദ്ര നിർമ്മാണം - സ്റ്റീലിന് വില അധികം നല്കി<br>Written By: Saly Joseph (Audit Officer (HG), On 02-06-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-19 |
| 20 | ഊരമന LP സ്കൂൾ കെട്ടിടനിർമ്മാണം<br>Written By: Saly Joseph (Audit Officer (HG), On 02-06-2022)<br>Last Updated By: Joby George (Computer Assistant, On 04-08-2022) | 1-20 |
| 21 | ഊഴക്കോട് ചാപ്പൽ റോഡ് ടാറിംഗ്<br>Written By: Saly Joseph (Audit Officer (HG), On 02-06-2022)<br>Last Updated By: Joby George (Computer Assistant, On 04-08-2022) | 1-21 |
| 22 | ലൈഫ് മിഷൻ തുടർനടപടി സ്വീകരിക്കണം<br>Written By: C.M.Rasheed (Asst. Audit Officer, On 02-06-2022)<br>Last Updated By: Joby George (Computer Assistant, On 04-08-2022) | 1-22 |
| 23 | വേനൽക്കാല കുടിവെള്ള വിതരണം -ജി.പി.എസ്.ലോഗ് പരിശോധിക്കാതെ തുക അനുവദിച്ചു.<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 04-06-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-23 |
| 24 | മുൻകുറുകൾ ക്രമീകരിച്ചില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 03-06-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-24 |
| 25 | സാമൂഹ്യസുരക്ഷ പെൻഷൻ - അപാകതകൾ<br>Written By: Nabeel Muhammad Abbas (Auditor, On 04-06-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-25 |
| 26 | നിക്ഷേപ പ്രവൃത്തി-വിനിയോഗ വിവരം ലഭ്യമല്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 04-06-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-26 |
| 27 | പ്രൊജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഇനത്തിന് തുക ചെലവഴിച്ചു<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 05-06-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-27 |
| 28 | ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ നിലനിൽക്കുന്നു<br>Written By: Babitha B Kumar (Senior Grade Auditor, On 01-06-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | എടയ്ക്കാട്ടുവയൽ- കാർഷിക വിപണനകേന്ദ്ര നിർമ്മാണം - സ്റ്റീലിന് വില അധികം നല്കി<br>Written By: Saly Joseph (Audit Officer (HG), On 02-06-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 3-1 |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 01-06-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 4-1 |
| 2 | സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.M.Rasheed (Asst. Audit Officer, On 02-06-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Babitha B Kumar (Senior Grade Auditor, On 28-05-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Saly Joseph (Audit Officer (HG), On 01-06-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: C.M.Rasheed (Asst. Audit Officer, On 01-06-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Saly Joseph (Audit Officer (HG), On 01-06-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Saly Joseph (Audit Officer (HG), On 01-06-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Saly Joseph (Audit Officer (HG), On 01-06-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 01-06-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Saly Joseph (Audit Officer (HG), On 01-06-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Saly Joseph (Audit Officer (HG), On 01-06-2022)<br>Last Updated By: Joby George (Computer Assistant, On 05-08-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 23.3.2020 തീരുമാനം (1) പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയുണ്ടായി. തുടർന്ന് 17.2.2021 ൽ 1-ാം നിശ്ചയ പ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 18,62,94,000/- രൂപയും ചെലവ് 19,21,48,000/- രൂപയുമാണ്.

1)ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ കണക്ക് |
|---|---|---|
| വരവ് | 18,62,94,000.00 | 9,47,87,209.00 |
| ചെലവ് | 19,21,48,000.00 | 9,72,10,801.00 |

കൃത്യമായ ഡിമാന്റ് കണക്കാക്കാവുന്ന ഇനങ്ങൾക്കു പോലും വളരെ ഉയർന്ന വരവ് പ്രതീക്ഷിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ ബജറ്റും യഥാർത്ഥ കണക്കും തമ്മിൽ കാര്യമായ അന്തരമുണ്ട്. ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുത്തി തയ്യാറാക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാനതീയതി | ലഭിച്ച തീയതി |
|---|---|
| 31.07.21 | 29.05.21 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,36,34,358.00 |
| വരവ് | 9,47,87,209.00 |
| ആകെ | 10,84,21,567.00 |
| ചെലവ് | 9,72,10,801.00 |
| നീക്കിയിരിപ്പ് | 1,12,10,766.00 |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,47,114.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 46,70,124.00 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ആകെ | ചെലവ് (എ.സി. ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9632170 | 9632170 | 9627824 | 4346 (Lapsed) |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 4570039 | 4570039 | 4557634 | 12405 (Lapsed) |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 47105 | 47105 | 40000 | 7105 (Lapsed) |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 28988000 | 28988000 | 28898711 | 89289 (Lapsed) |
| കേരളോൽസവം | 0 | 11080 | 11080 | 2060 | 9020 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 3456681 | 3456681 | 3456681 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 8710322 | 8710322 | 6847102 | 1863220 |

| | | | | | |
|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 4060000 | 4060000 | 2622168 | 1437832 (Lapsed) |
| TSC | | 140000 | 140000 | 140000 | - |
| NPRPD | 633992 | 0 | 633992 | 208014 | 425978 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 15806 | 1757152 | 1772958 | 1539200 | 233758 |
| ഐ.സി.ഡി.എസ് | 524450 | 566195 | 1090645 | 321879 | 768766 |
| LIFE - NABARD | | 2524000 | 2524000 | 2524000 | - |
| LIFE STATE Share | | 2260000 | 2260000 | 460000 | 1800000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 257 | 146509700 | 196 | 75447185 | 6 | 55 | 76.26% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 17 | 1132261 | 1132278 | 1132278 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 21899770 | 21899770 | 21899770 | 0 |
| | 17 | 23032031 | 23032048 | 23032048 | 0 |

2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള 11699 രൂപ എം ഐ എസ് പ്രകാരമുള്ള നീക്കിയിരിപ്പാണ്. ധനകാര്യ പത്രിക പ്രകാരമുള്ള 2019-20 ലെ നീക്കിയിരിപ്പ്, 2020-21 ലെ മുന്നിരിപ്പ് എന്നിവ 17 രൂപയാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2880 | 4 |
| കർഷകത്തൊഴിലാളി പെൻഷൻ | 9183200 | 616 |
| വിധവാപെൻഷൻ | 7226500 | 507 |
| വാർദ്ധക്യകാലപെൻഷൻ | 23428400 | 1657 |
| വികലാംഗപെൻഷൻ | 2842900 | 187 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 721600 | 50 |
| വിധവകളായ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.06.2022 ഉച്ചകഴിഞ്ഞ് 3 മണിക്ക് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3746/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിന്റെ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1)ലൈസൻസ്

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നെങ്കിലും 2019-20ലേക്കുള്ള ലൈസൻസ് നൽകിയിട്ടുള്ളത് മേൽ ഭേദഗതി ചട്ടങ്ങൾ പ്രകാരമല്ല. രജിസ്റ്ററുകൾ കൃത്യമാക്കി സൂക്ഷിക്കുന്നില്ല.

2)ഡിമാന്റ് രജിസ്ററുകൾ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ധാരാളം വാണിജ്യ സ്ഥാപനങ്ങൾ ഉണ്ടെങ്കിലും തൊഴിൽ നികുതിയിനത്തിലെ വരുമാനത്തിൽ അത് പ്രതിഫലിക്കുന്നില്ല. ചെക്ക് ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തെരുവു വിളക്കുകൾ, പൊതു ടാപ്പുകൾ സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

3)ഡെപ്പോസിറ്റ് തുകകൾ ബാലൻസ് ഷീറ്റിൽ ചേർക്കുന്നില്ല

മുൻകാലങ്ങളിൽ വിവിധ ഏജൻസികൾക്ക് നൽകിയ ഡെപ്പോസിറ്റ് തുകകൾ ബാലൻസ് ഷീറ്റിൽ ചേർത്തിട്ടില്ല.

പദ്ധതി മോണിറ്ററിംഗ്

പഞ്ചായത്ത് നടപ്പിലാക്കുന്ന പ്രോജക്ടുകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ വ്യക്തമായ മോണിറ്ററിംഗ് നടത്തുന്നില്ല. വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവവും ഫലപ്രദവുമായ മോണിറ്ററിംഗ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. മോണിറ്ററിംഗ് നടത്തേണ്ട ഉത്തരവാദിത്തം അതത് വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ പലപ്പോഴും മോണിറ്ററിംഗ് റിപ്പോർട്ട് ഒതുങ്ങുന്നു. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് മോണിറ്ററിംഗ് സമിതികൾ വിലയിരുത്തുന്നില്ല. (ഉദാ: കാർഷിക വിപണനകേന്ദ്രം )
താല്കാലികമായി ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച ഫയൽ പരിശോധനയ്ക്കായി ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.04.22 | 01.01.2022 മുതൽ 31.03.2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.6.2016 | 2010- 11 മുതൽ 2014-15 വരെ | 07.08.2016 |

## 1-11 വാടക - വിശദവിവരം ലഭ്യമാക്കുക

വാടക രജിസ്റ്ററിന്റെയും അനുബന്ധ രേഖകളുടെയും പരിശോധന 2020-21 സാമ്പത്തികവർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നടത്തിയതിൻ പ്രകാരം കണ്ടെത്തിയ അപാകങ്ങൾ ചൂണ്ടികാണിച്ചുകൊണ്ട് 01.06.2022 – ൽ നൽകിയ എൻക്വയറി നം. 13 ന് മറുപടി ലഭിച്ചില്ല. അപാകതകൾ താഴെ കൊടുക്കുന്നു.

1). വസ്തു വകകൾ വാടകയ്ക്ക് നൽകുന്നതിനായുള്ള ബൈലോ രൂപീകരിച്ചിട്ടുണ്ടോ, ഇല്ലയോ എന്ന് പഞ്ചായത്ത് അറിയിച്ചിട്ടില്ല. രൂപീകരിച്ചിട്ടില്ലാത്ത പക്ഷം ബൈലോ രൂപീകരിച്ച് വാടക ഈടാക്കേണ്ടതാണ്.
2). കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങൾ മറ്റ് വസ്തു വകകൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ചുള്ള ധനകാര്യ കമ്മറ്റിയുടെയും ഭരണ സമിതിയുടെയും തീരുമാനങ്ങൾ എന്നീ വിവരങ്ങൾ ഓഡിറ്റിനായി സമർപ്പിച്ചിട്ടില്ല.

3). അപേക്ഷകളിലെ അവ്യക്തതകൾ
എ) 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിൽ നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ വസ്തുവകകൾ വാടകയ്ക്ക് നൽകിയിട്ടുള്ളവരുമായി കരാർ ചമയ്ക്കുന്നില്ല.

ബി) 2020-21 സാമ്പത്തിക വർഷം നിലവിൽ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുള്ള വാടക കരാറുകളിൽ പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

സി) വാടക രജിസ്റ്റർ പരിശോധിച്ചതിൽനിന്നും, ആസ്തിരജിസ്റ്റർ പ്രകാരം പഞ്ചായത്തിന് കീഴിലുള്ള വാടകയ്ക്ക് നൽകിയിട്ടുള്ളതും, നൽകുവാനായിട്ടുള്ളതുമായ വസ്തു വകകൾ (കടമുറികൾ, കൃഷിസ്ഥലങ്ങൾ, മറ്റുള്ളവ (ഇനം എതാണെന്ന് വ്യകതമാക്കി))എന്നിവ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

മേൽ അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 കോവിഡ്-തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് ഭക്ഷ്യ ധാന്യങ്ങൾ വാങ്ങി വിതരണം ചെയ്തു

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 275/2021 |
| പ്രൊജക്റ്റിന്റെ പേര് | കോവിഡ് 19- ആരോഗ്യ ഭക്ഷ്യധാന്യ കിറ്റ് വിതരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 6,00,000/- |
| ചെലവ് | 5,99,549/-<br>വൗച്ചർ നമ്പർ- 22000448/25.9.20, തുക-39,666/-<br>22000503/28.10.20,തുക-305095/-<br>22000504/28.10.20,തുക-2,50,000/-<br>22000505/28.10.20,തുക-4788/- |

ഗ്രാമപഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യധാന്യ കിറ്റ് വിതരണത്തിനായി തനത് ഫണ്ടിൽ നിന്നും 5,99,549/-രൂപ ചെലവഴിച്ചു.ബി.പി.സി.എല്ലിൽ നിന്നും സി.എസ്.ആർ.ഫണ്ട് ലഭിക്കുമ്പോൾ തുക റീക്കൂപ്പ് ചെയ്യാമെന്ന കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തനത് ഫണ്ടിൽ നിന്നും മുൻകൂർ ആയി തുക ചെലവഴിച്ചത്. 5,99,549/-രൂപ ബി.പി.സി.എല്ലിൽ നിന്നും ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാനും ബി.പി.സി.എല്ലുമായി ഈ വിഷയം സംബന്ധിച്ച് കത്തിടപാടുകൾ നടത്തിയ ഫയൽ, ഭക്ഷ്യ ധാന്യങ്ങൾ കിറ്റുകളിലാക്കി വിതരണം ചെയ്തതിന്റെ രേഖകൾ, പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച,കിറ്റിന് അർഹതയുള്ളവരുടെ ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ഹാജരാക്കുവാനും ആവശ്യപ്പെട്ടുവെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല.

വിതരണം ചെയ്യുന്നതിനായി പപ്പടം,വെളിച്ചെണ്ണ,ചിപ്സ് എന്നിവ ലഭ്യമാക്കിയതിന് ഗാർഡൻ ഫ്രൂട്ട്സ് പ്രൊഡക്ട്സ്,എടയ്ക്കാട്ടുവയൽ എന്ന സ്ഥാപനത്തിന് ടി.ഡി.എസ് 5000/-രൂപ കുറവ് ചെയ്തതിനു ശേഷം 2,45,000/- രൂപ 0703737016123 എന്ന ബാങ്ക് അക്കൗണ്ട് നമ്പരിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയതായാണ് സാംഖ്യ ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നത്.ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള ബാങ്ക് പാസ് ബുക്കിന്റെ പകർപ്പിൽ ഗാർഡൻ ഫ്രൂട്ട് പ്രൊഡക്ട്സിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ട് നമ്പർ 0703103101062039 ആണ്. ടി നമ്പരിലേക്ക് തുക ട്രാൻസ്ഫർ ചെയ്യാത്തതിന്റെ കാരണവും സാംഖ്യ ബില്ലിൽ രേഖപ്പെടുത്തിയ അക്കൗണ്ട് നമ്പർ ആരുടെ പേരിലുള്ളതാണെന്നും വ്യക്തമാക്കിയില്ല. ഗാർഡൻ ഫ്രൂട്ട് പ്രൊഡക്ട്സിന്റെ PAN രേഖകൾ ഹാജരാക്കിയില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ 03/28.5.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹജരാക്കിയില്ല.ഭക്ഷണ വിതരണം സംബന്ധിച്ച് ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കാത്തതിനാലും ബാങ്ക് അക്കൗണ്ട് സംബന്ധിച്ച് രേഖാമൂലം വ്യക്തത വരുത്താത്തതിനാലും ബി.പി.സി.എല്ലിൽ നിന്നും തുക തിരികെ ലഭ്യമായിട്ടുണ്ടോയെന്ന വിവരം അറിയിക്കാത്തതിനാലും 5,99,549/- രൂപ തടസപ്പെടുത്തുന്നു.

## 1-13 കോവിഡ് പ്രതിരോധ പ്രവർത്തനം- പി.എച്ച്.സി.കൾക്ക് മുൻകൂർ നൽകിയ തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 262/2021 |
| പ്രൊജക്റ്റിന്റെ പേര് | കോവിഡ് 19- പ്രതിരോധ പ്രവർത്തനങ്ങൾ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 6,00,000/-(തനത് ഫണ്ട്) |
| ചെലവ് | 2,00,000/-(വൗച്ചർ നമ്പർ- 22000302/22.7.20,തുക-50,000/-<br>22000502/17.10.20,തുക-1,50,000/-) |

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കമ്പ്യൂട്ടർ,പ്രിന്റർ,പൾസ് ഓക്സിമീറ്റർ എന്നിവ വാങ്ങുന്നതിനും കോവിഡ് ടെസ്റ്റിന്റെ ഭാഗമായി വരുന്ന വാഹന ചെലവുകൾക്കുമായി ആരക്കുന്നം പി.എച്ച്.സി. മെഡിക്കൽ ഓഫീസർക്ക് 50,000/-രൂപയും തൊട്ടൂർ പി.എച്ച്.സി. മെഡിക്കൽ ഓഫീസർക്ക് 1,00,000/-രൂപയും പ്രൊജക്റ്റ് പ്രകാരം തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് അനുവദിച്ചു. ഇതു കൂടാതെ എടയ്ക്കാട്ടുവയൽ കാർഷിക വിപണന കേന്ദ്രം കെട്ടിടത്തിൽ സി.എഫ്.എൽ.ടി.സി.ആരംഭിക്കുന്നതിനുള്ള ചെലവുകൾക്കായി 22.7.20ൽ 50,000/-രൂപയും പ്രൊജക്റ്റിൽ ഉൾപ്പെടുത്തി തൊട്ടൂർ പി.എച്ച്.സി. മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. സി.എഫ്.എൽ.ടി.സി.ആരംഭിക്കുന്നതിനായി പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും വലിയ തുക ചെലവഴിച്ചുവെങ്കിലും സി.എഫ്.എൽ.ടി.സി. ആരംഭിച്ചില്ല. തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് നൽകിയ 2,00,000/-രൂപ ചെലവഴിച്ചതിന്റെ വിശദമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 04/28.5.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. തന്മൂലം എച്ച്.എം.സി.ഫണ്ടിലേക്ക് അനുവദിച്ചു നൽകിയ മേൽ തുകകൾ മെഡിക്കൽ ഓഫീസർമാർ തങ്ങൾ ആവശ്യപ്പെട്ട കാര്യങ്ങൾക്കു തന്നെ ചെലവഴിച്ചോ, എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. വിനിയോഗ രേഖകൾ ഹാജരാക്കാത്തതിനാൽ 2,00,000/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-14 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് സാമൂഹ്യ നീതി വകുപ്പിന്റെ രജിസ്ട്രേഷൻ ലഭിച്ചിട്ടില്ല.

എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലെ വെളിയനാട് സ്നേഹാലയം ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ 02.12.2019ൽ പ്രവർത്തനം ആരംഭിച്ചു. ജി.ഓ.(എം.എസ്)നം.144/2013 /ത.സ്വ.ഭ.വ, തീ.06.4.13 പ്രകാരം പുറപ്പെടുവിച്ച ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തന മാർഗരേഖയിലെ ക്രമ നമ്പർ-14പ്രകാരം, സ്ഥാപനം ആരംഭിച്ച് 6 മാസത്തിനകം ദേശീയ വികലാംഗജന നിയമം അനുസരിച്ചുള്ള രജിസ്ട്രേഷൻ സാമൂഹ്യ നീതി വകുപ്പിൽ നിന്നും ലഭ്യമാക്കേണ്ടതാണെങ്കിലും ടി സ്ഥാപനത്തിന് രജിസ്ട്രേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം സംബന്ധിച്ച് നൽകിയ 8/31.5.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഐ.സി.ഡി.എസ്.സൂപ്പർവൈസർ ഹാജരാക്കിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത് 20 കുട്ടികളെയെങ്കിലും പ്രവേശിപ്പിച്ചെങ്കിൽ മാത്രമേ രജിസ്ട്രേഷൻ നടത്താൻ സാധിക്കുകയുള്ളൂ എന്നും നിലവിൽ അത്രയും കുട്ടികൾ പ്രവേശനം നേടിയിട്ടില്ല എന്നുമാണ്. സ്ഥാപനത്തിന് സാമൂഹ്യ നീതി വകുപ്പിന്റെ രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 തെരുവ് വിളക്ക് വാങ്ങൽ-അപാകതകൾ

2019-20 വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 9,44,441/-രൂപ വിനിയോഗിച്ച് യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 397 എണ്ണം 18W എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റും 2020-21വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 4,26,390/-രൂപ വിനിയോഗിച്ച് 657എണ്ണം 15W എൽ.ഇ.ഡി ലൈറ്റ് ഫിറ്റിംഗുകൾ പ്രത്യേകമായി ഉൾപ്പെടുത്തി നിർമ്മൽ ലൈറ്റ്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി പഞ്ചായത്തിലെ 14വാർഡുകളിലും സ്ഥാപിച്ചിട്ടുണ്ട്(ആകെ ചെലവ്-13,70,831/). എന്നാൽ പുതിയതായി വാങ്ങിയ ലൈറ്റുകൾ സ്ഥാപിച്ചിരിക്കുന്ന പോസ്റ്റുകൾ ഉൾപ്പെടെ പഞ്ചായത്തിലെ ഓരോ വാർഡിലെയും ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പരും അവയിൽ സ്ഥാപിച്ചിരിക്കുന്ന ലൈറ്റുകളുടെ ഇനവും രേഖപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.പുതിയതായി സ്ഥാപിച്ച തെരുവ് വിളക്കുകൾക്ക് 2 വർഷം വാറന്റി ഉറപ്പു വരുത്തിക്കൊണ്ട് നിർമ്മൽ ലൈറ്റ്സ് എന്ന സ്ഥാപനവുമായി കരാർ വെച്ചിട്ടില്ല.

2019-20, 2020-21വർഷങ്ങളിൽ തെരുവ് വിളക്ക് മെയിന്റനൻസിന് കരാർ നൽകാതെ മേൽ സൂചിപ്പിച്ചതു പ്രകാരം പുതിയ എൽ.ഇ.ഡി.ലൈറ്റുകൾ വാങ്ങി ഇടുകയാണ് ചെയ്തത്. പുതിയ എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിച്ചപ്പോൾ പോസ്റ്റിൽ നിലവിലുണ്ടായിരുന്ന ഉപയോഗ ശൂന്യമായ ലൈറ്റുകൾ അഴിച്ചു മാറ്റി സ്റ്റോക്കിൽ ചേർത്ത് ലേലം ചെയ്തു നൽകിയിട്ടില്ല.

കൺസ്യൂമർ നമ്പർ 1155538000052 ൽ UNMETERED കണക്ഷൻ ആണ് നിലവിൽ തെരുവ് വിളക്കുകൾക്ക് ഉള്ളത്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിരിക്കുന്ന വിവിധ ഇനത്തിലും വാട്ടേജിലുമുള്ള തെരുവ് വിളക്കുകളുടെ Burning Hours അടിസ്ഥാനമാക്കിയാണ് വൈദ്യുതി ചാർജ് കണക്കാക്കുന്നത്. ഒരു യൂണിറ്റിന് 20 രൂപയിൽ താഴെ മാത്രം താരിഫുള്ള 15, 18W എൽ.ഇ.ഡി.ലൈറ്റുകൾ 1054 എണ്ണം പുതിയതായി സ്ഥാപിച്ചിട്ടുള്ളതിനാൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിലും അതനുസരിച്ച് കെ.എസ്.ഇ.ബി കുറവ് വരുത്തേണ്ടതുണ്ട്. കെ.എസ്.ഇ.ബി.യെ ഇക്കാര്യം രേഖാമൂലം അറിയിച്ച് പ്രതിമാസ വൈദ്യുതി ചാർജിൽ മാറ്റം വരുത്തിയിട്ടുണ്ടോയെന്ന വിവരം പഞ്ചായത്ത് അറിയിച്ചിട്ടില്ല. കെ.എസ്.ഇ.ബി.യുമായി ബന്ധപ്പെട്ട് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് കുറവ് ചെയ്തു ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 20/02.6.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല.

കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും തെരുവു വിളക്കുകൾക്ക് 2 വർഷ വാറന്റി ഉറപ്പ വരുത്തേണ്ടതുമാണ്. ഉപയോഗശൂന്യമായ തെരുവ് വിളക്കുകൾ ലേലം ചെയ്തു നൽകി തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

1-16 ഐ.കെ.എം.വിഹിതം നൽകിയത്-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | 05/2021 |
| പ്രൊജക്ടിന്റെ പേര് | ഐ.കെ.എം.വിഹിതം നൽകൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 50,000/- (പൊതു വിഭാഗം വികസന ഫണ്ട്) |
| ചെലവ് | 50,000/-<br>BRN 2011065200490101024 5/29.01.21,തുക-50,000/- |

ഐ.കെ.എം.പ്രവർത്തനങ്ങൾക്ക് എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയ 50,000/-രൂപ വിനിയോഗിച്ചതിന്റെ രേഖകൾ ഐ.കെ.എം.ൽ നിന്നും ലഭിച്ചിട്ടുണ്ടെങ്കിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 12/31.5.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. വിനിയോഗ രേഖകൾ ഹാജരാക്കാത്തതിനാൽ 50,000/-രൂപ തടസപ്പെടുത്തുന്നു.

1-17 ആരക്കുന്നം പി.എച്ച്.സി.യുടെ അടിസ്ഥാന സൗകര്യ വികസനം- എൻ.എച്ച്.എം.ന് കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | 207/2021(സ്പിൽ ഓവർ) |
| പ്രൊജക്ടിന്റെ പേര് | ആരക്കുന്നം പി.എച്ച്.സി. അടിസ്ഥാന സൗകര്യം-എൻ.എച്ച്.എം. ന് തുക കൈമാറൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 7,89,312/-(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| ചെലവ് | 7,89,312/-<br>ബിൽ നമ്പർ-66/11.4.2020,തുക-7,32,062/-<br>ബിൽ നമ്പർ- 67/11.4.2020,തുക-57250/-) |

ആർദ്രം മിഷനിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിലെ 503 പ്രാഥമിക ആരോഗ്യ കേന്ദ്രം/സാമൂഹികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ഇതിൽ ഉൾപ്പെട്ട ആരക്കുന്നം പ്രാഥമികാരോഗ്യ കേന്ദ്രം ഉൾപ്പെടെ എറണാകുളം ജില്ലയിലെ 26 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നവീകരണ പ്രവൃത്തികൾ എൻ.എച്ച്.എം ചെയ്യുന്നതിനായി സർക്കാർ തലത്തിൽ തീരുമാനമാകുകയുംചെയ്തു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ടി നവീകരണ പ്രവൃത്തികൾക്കായി തുക കൈമാറാമെന്ന് വികേന്ദ്രീകൃതാസൂത്രണം സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആരക്കുന്നം പി.എച്ച്.സി.യുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പഞ്ചായത്ത് എൻ.എച്ച്.എം. ന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 7,89,312/-രൂപ കൈമാറി. എന്നാൽ എൻ.എച്ച്.എം.ന് തുക കൈമാറാൻ പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തതായി കാണുന്നില്ല.

എറണാകുളം ജില്ലാ നിർമ്മിതി കേന്ദ്രത്തെയാണ് എൻ.എച്ച്.എം.സ്റ്റേറ്റ് മിഷൻ ഡയറക്ടർ എറണാകുളം ജില്ലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നവീകരണ പ്രവൃത്തികൾക്കായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ആരക്കുന്നം പി.എച്ച്.സി. നവീകരണ പ്രവൃത്തികൾ ജില്ലാ നിർമ്മിതി കേന്ദ്രം ഏറ്റെടുക്കുന്നതിന് മുൻപ് പഞ്ചായത്ത് കൈമാറിയ 7,89,312/- രൂപയുടെള്ള എസ്റ്റിമേറ്റ് ജില്ലാ നിർമ്മിതി കേന്ദ്രം തയ്യാറാക്കുകയും ആയതിന് ജില്ലാ കളക്ടറുടെ ഭരണാനുമതി ലഭിക്കുകയും വേണം. ആരക്കുന്നം പി.എച്ച്.സി.യെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുവാൻ എറണാകുളം ജില്ലാ നിർമ്മിതി കേന്ദ്രം 24,15,000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും 15,50,000/-രൂപയിൽ ചെലവ് പരിമിതപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ ചെയ്യാനാണ് എറണാകുളം ജില്ലാ കളക്ടർ ഭരണാനുമതി നൽകിയത്(ഉത്തരവ്

നമ്പർ-DPMSU-EKM/1894/C(E)/26/2018/DPMSU,Dt.02.02.19). 15,50,000/- രൂപ എന്നത് ഓരോ സ്ഥാപനത്തിനും എൻ.എച്ച്.എം.സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ NHM/819/ARDRAM/FHC 18-19/AS-203/C(E) /2018-19 തീ. 04.10.18 നമ്പർ ഉത്തരവ് പ്രകാരം എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ വകയിരുത്തിയ തുകയാണ്. എൻ.എച്ച്.എം.ഫണ്ടായ 15,50,000/-രൂപയിൽ പരിമിതപ്പെടുത്തി മാത്രമേ ജില്ല കളക്ടർ പ്രവൃത്തികളുള്ള ഭരണാനുമതി നൽകിയുള്ളൂ എന്നതിനാൽ പഞ്ചായത്ത് കൈമാറിയ 7,89,312/-രൂപ നവീകരണ പ്രവൃത്തികൾക്കായി ഉപയുക്തമായോ എന്നതിൽ സംശയമുണ്ട്. 7,89,312/-രൂപ ഉൾപ്പെടുത്തി കളക്ടർ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നു വ്യക്തമല്ല. എൻ.എച്ച്.എം.ആവശ്യപ്പെട്ടതു പ്രകാരമല്ല പഞ്ചായത്ത് തുക നൽകിയത്. കോർഡിനേഷൻ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുക എൻ.എച്ച്.എം.ആവശ്യപ്പെടാതെ തന്നെ നൽകുകയാണ് ചെയ്തത്. 7,89,312/-രൂപ ഉൾപ്പെടുത്തി കളക്ടർ പുതുക്കിയ ഭരണാനുമതി നൽകിയിട്ടില്ലെങ്കിൽ ടി തുക ചെലവഴിക്കാൻ സാധിക്കുകയില്ല. കളക്ടറുടെ പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടില്ലെങ്കിൽ 7,89,312/-രൂപ എൻ.എച്ച്.എം.ൽ നിന്നും തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ആരക്കുന്നം പി.എച്ച്.സി.യുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ 10/31.5.22നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. വിനിയോഗ വിവരം ലഭ്യമാക്കാത്തതിനാൽ 7,89,312/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

1-18 എടയ്ക്കാട്ടുവയൽ- കാർഷിക വിപണനകേന്ദ്രം കെട്ടിടത്തിൽ പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എടയ്ക്കാട്ടുവയൽ- കാർഷിക വിപണനകേന്ദ്ര നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എൻജിനിയർ |
| പ്രോജക്ടിന്റെ നം/ വർഷം | 1)227/2020-21 |
| അടങ്കൽ തുക / ഫണ്ട് | 1)1,48,61,000/- NABARD RIDF Fund |
| ചെലവ് തുക/ ബിൽ നം തിയതി | 1) 25,24,000 രൂ. ഉത്തരവ് നം. RD1-515/2009 Dtd.7.10.2020 |

22.6.2016 ലെ GO (Rt) No. 1967/2016 *LSGD സർക്കാർ ഉത്തരവ് (NABARD RIDF TrancheXXI), 2.7.2016 ലെ ഗ്രാമ വികസന കമ്മീഷണറുടെ 20850/*ആർ & ഐ4/15/സി ആർ ഡി നം സർക്കുലർ പ്രകാരവും എടയ്ക്കാട്ടുവയൽ- കാർഷിക വിപണനകേന്ദ്ര നിർമ്മാണത്തിനായി 2കോടി അടങ്കൽ (1.90 കോടി NABARD RIDF Fund, 10 ലക്ഷം സംസ്ഥാന /ഗ്രാമ പഞ്ചായത്ത് വിഹിതം) നിശ്ചയിച്ച് അംഗീകാരം നല്കിയിരുന്നു.
അതിൻ പ്രകാരം 27.2.2018 ലെ LSGD/TS/2017 -18/2341 ഉത്തരവ് പ്രകാരം 2കോടി രൂപയ്ക്കു ഭരണാനുമതിയും 1,87,76,000/- രൂപയ്ക്കു സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. തുടർന്ന് ടെൻഡർ ക്ഷണിക്കുകയും ഏറ്റവും കുറവ് ക്വോട്ട് ചെയ്ത ( 1,65,89,175/-രൂപ ) ക്യൂബിക്സ് ഇൻഫ്രാസ്ട്രക്ച്ചേഴ്സ് എന്ന സ്ഥാപനത്തിന് പ്രവർത്തി ഏല്പിക്കുകയും ചെയ്തു. (എഗ്രി.നം 1/18-19 തീ 7.5.2018). എടയ്ക്കാട്ടുവയൽ ഗ്രാമ പഞ്ചായത്ത് അസി. എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള കാർഷിക വിപണനകേന്ദ്ര നിർമ്മാണം എന്ന ഈ പ്രോജക്ടിനായി 20-21 വർഷം ചെലവുരേഖ പ്രകാരം 25,24,000/- രൂപ ചെലവുണ്ട്. ഈ പ്രോജക്ടിനായി നാളിതുവരെ 1,50,09,000/- (NABARD RIDF Fund) ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ ആകെ ചെലവ് ഫയൽ പ്രകാരം 1,57,99,696/- രൂപയാണ്. രണ്ട് നിലകളിലായി 13000 സ്ക്വയർ ഫീറ്റ് (ഫയൽ പ്രകാരം) വിസ്തീർണ്ണമുള്ള കെട്ടിടമാണ് നിർമ്മിച്ചിട്ടുള്ളത്.
ഈ പ്രവർത്തിയുടെ നിർവ്വഹണത്തിലും തുടർ നടത്തിപ്പിലും ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.
1) ഈ പ്രവർത്തി 2015 ൽ 1കോടി രൂപ അടങ്കലിൽ എസ്റ്റിമേറ്റ് സഹിതം അപേക്ഷ സമർപ്പിച്ചിരുന്നത് അടങ്കൽ 2കോടി രൂപയാക്കി പ്രോപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശിക്കപ്പെട്ടതിന്റെ കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല.
2) കാർഷിക വിപണനകേന്ദ്രത്തിൽ നിലവിൽ പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനമാണ് നടന്നുവരുന്നത്. ഇക്കാര്യത്തിന് പഞ്ചായത്ത് ഡയറക്ടറുടെ താൽക്കാലിക ഉത്തരവ് മാത്രമാണ് ഉള്ളത്. (ഉത്തരവ് നം. Pan/14945/2021-C8(DP) Dtd.12/12/2021, എത്രകാലം പ്രവർത്തിക്കാമെന്ന് വ്യക്തമാക്കിയിട്ടില്ല.) ഈ നടപടിയ്ക്ക് സർക്കാർ ഉത്തരവ്/NABARD -ൽ നിന്നുള്ള അനുമതി നേടിയിട്ടില്ല.
3) ഈ പ്രവർത്തിയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നേടിയത് കാർഷിക വിപണനകേന്ദ്ര നിർമ്മാണം എന്നതിനാണ് . ഈ കെട്ടിടത്തിൽ നിലവിൽ പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനം നടന്നുവരുന്നതിനാൽ പ്രോജക്ടിന്റെ ലക്ഷ്യം കൈവരിച്ചില്ല.
4) Agri Marketing Infrastructre Fund (AMIF)/മറ്റ് ഫണ്ടുകൾ ലഭിച്ചതിന്റെ വിശദാംശം ഹാജരാക്കിയില്ല. ഈ പ്രോജക്ടിനായി ആകെ ചെലവഴിച്ച തുകയുടെ വിശദാംശം (ഫണ്ട്, ചെക് നം തീയതി, ബിൽ നം തീയതി,

ഉത്തരവ് നം) ഫയലിൽ സൂക്ഷിച്ചിട്ടില്ല.
5)NABARD RIDF ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്നതിനായി ഉൾപ്പെട്ടിട്ടുള്ള ഇനം പ്രവർത്തികളാണ് മഴവെള്ള സംഭരണി നിർമ്മിക്കുക, ഇലക്ട്രിഫിക്കേഷൻ വർക്കുകൾ, സ്ട്രക്ച്ചറൽ ഡിസൈൻ, തുടങ്ങിയ പ്രവർത്തികൾ. ഈ പ്രോജക്റ്റ് അംഗീകാരം നേടിയപ്പോൾ 1.9 കോടി രൂപ നബാർഡിൽ നിന്നുള്ള ഫണ്ടും, 5 % പഞ്ചായത്ത് വിഹിതവും എന്നാണ്. ഈ പ്രോജക്റ്റിന്റെ ടെൻഡർ ഷെഡ്യൂളിലും എസ്റ്റിമേറ്റിലും മഴവെള്ള സംഭരണി നിർമ്മാണം ഉൾപ്പെട്ടിട്ടുള്ളതാണ്. എന്നാൽ 2020-21 വർഷത്തിലെ ചെലവുരേഖപ്രകാരം കാർഷിക വിപണനകേന്ദ്രത്തിൽ മഴവെള്ള സംഭരണി നിർമ്മിക്കുന്നതിനായി 2,26,496/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) ചെലവഴിച്ചിട്ടുണ്ട് .
രേഖകൾ ഹാജരാക്കുന്നതിനായി /വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം 2 തീ. 27.5.2022 മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല.
പ്രോജക്റ്റിന് അംഗീകാരം ലഭിച്ചതിൻ പ്രകാരം ഫണ്ട് വിനിയോഗം ചെയ്യേണ്ടതും പ്രോജക്റ്റിന്റെ ലക്ഷ്യം കൈവരിക്കേണ്ടതുമാണ്.

1-19 എടയ്ക്കാട്ടുവയൽ- കാർഷിക വിപണനകേന്ദ്ര നിർമ്മാണം - സ്റ്റീലിന് വില അധികം നല്കി

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | എടയ്ക്കാട്ടുവയൽ- കാർഷിക വിപണനകേന്ദ്ര നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എൻജിനിയർ |
| പ്രോജക്റ്റിന്റെ നം/ വർഷം | 1)227/2020-21 |
| അടങ്കൽ തുക / ഫണ്ട് | 1)1,48,61,000/- NABARD RIDF Fund |
| ചെലവ് തുക/ ബിൽ നം തിയതി | 1) 25,24,000 രൂ. ഉത്തരവ് നം. RD1-515/2009 Dtd.7.10.2020 |

എടയ്ക്കാട്ടുവയൽ- കാർഷിക വിപണനകേന്ദ്ര നിർമ്മാണം പ്രവർത്തിയ്ക്ക് 27.2.2018 ലെ LSGD/TS/2017 -18/2341 ഉത്തരവ് പ്രകാരം 2കോടി രൂപയ്ക്ക് ഭരണാനുമതിയും 1,87,76,000 രൂപയ്ക്ക് സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. തുടർന്ന് ടെൻഡർ ക്ഷണിക്കുകയും ഏറ്റവും കുറവ് ക്വോട്ട് ചെയ്ത (1,65,89,175/-രൂപ) ക്യബിക്സ് ഇൻഫ്രാസ്ട്രക്ച്ചേഴ്സ് എന്ന സ്ഥാപനത്തിന് പ്രവർത്തി ഏല്പിക്കുകയും ചെയ്തു. (എഗ്രി.നം 1/18-19 തീ 7.5.2018). എടയ്ക്കാട്ടുവയൽ ഗ്രാമ പഞ്ചായത്ത് അസി. എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള കാർഷിക വിപണനകേന്ദ്ര നിർമ്മാണം എന്ന ഈ പ്രോജക്റ്റിനായി 20-21 വർഷം ചെലവുരേഖ പ്രകാരം 25,24,000/- രൂപ ചെലവുണ്ട്. ഈ പ്രോജക്റ്റിനായി നാളിതുവരെ 1,50,09,000/- (NABARD RIDF Fund) ചെലവഴിച്ചിട്ടുണ്ട്. പ്രോജക്റ്റിന്റെ ആകെ ചെലവ് ഫയൽ പ്രകാരം 1,78,77,717/- (VI Th And Final Bill) രൂപയാണ്. രണ്ട് നിലകളിലായി 13000 സ്ക്വയർ ഫീറ്റ് (ഫയൽ പ്രകാരം) വിസ്തീർണ്ണമുള്ള കെട്ടിടമാണ് നിർമ്മിച്ചിട്ടുള്ളത്.

ഇതിന്റെ നിർമ്മാണ പ്രവർത്തിയിൽ സ്റ്റീലിന് അധികവില നല്കിയതായി കാണുന്നുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു. VI Th Final Bill- Appendix A

| ഇനം | സ്പെസിഫിക്കേഷൻ | അളവ് | നിരക്ക് | നല്കിയ തുക |
|---|---|---|---|---|
| 7 | 5.33.1 Providing And Laying In Position Machine Batched And Machine Mixed Design Mix M-25 Grade Cement Concrete | 93.556 $M^3$ | 7481 | 528502.73 |
| 8 | 5.33. Providing And Laying In Position Machine Batched And Machine Mixed Design Mix M-25 Grade Cement Concrete | 298.097$m^3$ | 7676 | 2159259.8 |
| 11 | 5.22.3 Steel Reinforcement For RCC Work Complete | 53060 Kg | 81 | 3419479.40 |

ഒരു എം$^3$ സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിന് പരമാവധി ആവശ്യമായ സ്റ്റീലിന്റെ അളവ് 100 Kg ആണ്. (ഈ പഞ്ചായത്തിൽ ആവറേജ് 80 Kg ആണ് കണക്കാക്കിയത്). അതായത് 391.65 എം$^3$ (93.556+298.097)സിമന്റ് കോൺക്രീറ്റ് പ്രവർത്തിയ്ക്ക് ആവശ്യമായ പരമാവധി കമ്പിയുടെ അളവ് 391.65*100=39165 Kg യാണ്. 1 Kg സ്റ്റീലിന് 81രൂപ നിരക്കിൽ 39165 Kg സ്റ്റീലിന് പരമാവധി

31,72,365/-രൂപയാണ് ചെലവ് വരുന്നത്. നല്കിയത് 53060 Kg സ്റ്റീലിന് 3419479.40 രൂപ. അധികം നല്കിയ തുക 2,47,114/-രൂ. വിശദവിവരം ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്.

1-20 ഊരകം LP സ്കൂൾ കെട്ടിടനിർമ്മാണം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഊരകം LP സ്കൂൾ കെട്ടിടനിർമ്മാണം-എടയ്ക്കാട്ടുവയൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എൻജിനിയർ |
| പ്രോജക്ടിന്റെ നം/ വർഷം | 1)136/2020-21 |
| അടങ്കൽ തുക / ഫണ്ട് | 1)822864- |
| ചെലവ് തുക/ ബിൽ നം തിയതി | 1) 563817 ബിൽ നം.135 തീയതി.11.8.2020<br>2) 245535 ബിൽ നം.217 തീയതി.7.1/2021<br>ആകെ 8,09,352രൂ. |

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ മാർഗ്ഗരേഖകൾ പ്രകാരം തയ്യാറാക്കാവുന്ന പ്രോജക്ടാണ് സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ സൗകര്യം ഒരുക്കൽ. അതിനായി എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് 2018-19 വർഷം SO162/18 ാം നം പ്രോജക്ടായി 29 ലക്ഷം അടങ്കൽ വച്ച് തയ്യാറാക്കിയ ബഹുവർഷ പ്രോജക്ടാണ് ഇത്. 2681011 രൂപയുടെ ബിൽ ഹാജരാക്കിയതിൽ (എം ബുക്ക് പ്രകാരം) 2020-21 വർഷം വരെ ആകെ 18,71,813/- രൂപ ചെലവഴിച്ചിട്ടുണ്ട് (2nd Part Bill) ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1) ഈ പ്രവർത്തിയ്ക്കായി എസ് എസ് കെ (SSA)ഫണ്ട് / മറ്റ് ഫണ്ടുകൾ വിനിയോഗം ചെയ്തിട്ടുണ്ടോ എന്നതിന്റെ രേഖകൾ ഹാജരാക്കിയില്ല.

2)പൂർത്തികരിക്കാൻ കാലതാമസം നേരിട്ടതിന് (പൂർത്തീകരണ കാലാവധി 8.11.2019) ഫൈൻ ഈടാക്കിയില്ല. കരാർ പ്രകാരമുള്ള ഫൈൻ ഈടാക്കേണ്ടതാണ്.

3) ഈ പ്രോജക്ടിനായി ആകെ ചെലവഴിച്ച തുകയുടെ വിവരം ഫണ്ട് തിരിച്ച് ലഭ്യമാക്കേണ്ടതാണ്. (ഫയലിൽ ലഭ്യമല്ല)

4) 3rd ആന്റ് ഫൈനൽ ബിൽ വിശദാംശം ഫയലിൽ ഹാജരാക്കിയില്ല.

5) ഈ പ്രോജക്റ്റ് നടപ്പാക്കുന്ന ലൊക്കേഷൻ സംബന്ധിച്ച് അവ്യക്തത ഉള്ളതിനാൽ പ്രവർത്തി തുടങ്ങാൻ കാലതാമസം നേരിട്ടതായി ഫയലിൽ ഉണ്ട് . പ്രോജക്ട് അംഗീകാരം നേടുമ്പോൾ തന്നെ ഇക്കാര്യങ്ങളിൽ വ്യക്തത ഉറപ്പാക്കേണ്ടതാണ് .

6)സ്കൂൾ കെട്ടിടത്തിന്റെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

ഫണ്ട് വിനിയോഗത്തിൽ അവ്യക്തതയുള്ളതിനാലും മേൽ സൂചിപ്പിച്ച അപാകത പരിഹരിക്കാത്തതിനാൽ /രേഖകൾ ഹാജരാക്കാത്തതിനാലും ചെലവു തുക 8,22,864/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുന്നതിനായി /വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം 15 തീ. 01.6.2022 മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല.

1-21 ഊഴക്കോട് ചാപ്പൽ റോഡ് ടാറിംഗ്

ഫയൽ നം A2-2324/19

ഊഴക്കോട് ചാപ്പൽ റോഡ് ടാറിംഗ് എന്ന പ്രവർത്തി 15 ലക്ഷം രൂപ അടങ്കലിൽ ബഹു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പദ്ധതിയിൽ ഉൾപ്പെട്ട റോഡാണ് (22.5.2020 ലെ കമ്മറ്റി തീരുമാനം അജണ്ട 6). ഇതേ പദ്ധതി 2020-21ലെ ചെലവുരേഖ - പ്രോജക്റ്റ് നം 271/20-21 പ്രകാരം 4,03,923/- (Bill No.306/dt. 15.3.2021--maintanence Fund -Road) ചെലവു ചെയ്തിട്ടുണ്ട്. ഈ പ്രവർത്തിയിൽ ചെലവു തുക ഇരട്ടിപ്പ് വന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് സാങ്കേതികാടിസ്ഥാനത്തിൽ മറുപടി ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം 16 തി. 01.6.2022 മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

1-22 ലൈഫ് മിഷൻ തുടർനടപടി സ്വീകരിക്കണം

ഗ്രാമ പഞ്ചായത്ത് 2020-21 ൽ നടപ്പാക്കിയ ലൈഫ് ഭവന പദ്ധതി (ജനറൽ )യുടെ രണ്ട് ഗുണഭോക്താക്കൾ ആദ്യ ഗഡു തുക വാങ്ങിയതിന് ശേഷം തുടർ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലാത്തതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | ബിൽ നം , അക്കൗണ്ട് നം | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | രഞ്ജൻ പി എ, പുതുക്കാട്ടുവെളിയിൽ. | ബിൽ നം 5067300901200015/15.09.2020, അക്കൗണ്ട് നം 56321010003304 | 40,000 |
| 2 | രാജി അനിൽ, മുതിരപ്പറമ്പിൽ | ബിൽ നം 5067300901200064/31.03.2021, അക്കൗണ്ട് നം 20303206715 | 40,000 |
| ആകെ | | | 80,000 |

ഗുണഭോക്താക്കൾ ആദ്യഘട്ട തുക വാങ്ങിയതിന് ശേഷം തുക വാങ്ങാത്തതിന്റെ കാരണവും ഭവന നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥയും ഓഡിറ്റിനെ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 7/30.05.2022) 1.06.2022 ൽ മറുപടി ലഭ്യമാക്കി. മറുപടിയിൽ ക്രമ നം (1) ലെ ഗുണഭോക്താവും കരാറുകാരനുമായി തർക്കമുള്ളതായും പോലീസ് കേസുള്ളതായും അറിയിച്ചു. ക്രമ നം (2)ലെ ഗുണഭോക്താവിന്റെ ഭവനനിർമ്മാണത്തിനായി മണ്ണ് എടുത്തപ്പോൾ അയൽവാസി പരാതി നൽകുകയും കോടതി സ്റ്റേ അനുവദിക്കുകയും ചെയ്തതായും അറിയിച്ചു. കേസുകളുടെ തുടർനടപടികളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-23 വേനൽക്കാല കുടിവെള്ള വിതരണം -ജി.പി.എസ്.ലോഗ് പരിശോധിക്കാതെ തുക അനുവദിച്ചു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 225/2021(സ്പിൽ ഓവർ) |
| പ്രൊജക്ടിന്റെ പേര് | വേനൽക്കാല കുടിവെള്ള പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1,72,730/-(തനത് ഫണ്ട്) |
| ചെലവ് | 1,72,730/-(വൗച്ചർ നമ്പർ-22000191/18.6.20,തുക-1,72,730/- 22000190/18.6.20,തുക-35,249/-) |

എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ 25.03.2020 മുതൽ 29.04.2020 വരെയുള്ള കാലയളവിൽ കുടിവെള്ളം വിതരണം ചെയ്തതിന് പ്രൊജക്ട് നമ്പർ 225/2021 (സ്പിൽ ഓവർ) പ്രകാരം 2,10,080/-രൂപയും 01.05.2020 മുതൽ 29.05.2020 വരെയുള്ള കാലയളവിൽ കുടിവെള്ളം വിതരണം ചെയ്തതിന് പ്രൊജക്ട് നമ്പർ 8/2021 പ്രകാരം 1,09,080/-രൂപയും തനത് ഫണ്ടിൽ നിന്നും കരാറുകാരനായ ശ്രീ.രാജീവ് എം.പി.ക്ക് നൽകി.

സ.ഉ.(സാധാ)നം.494/2020/ത.സ്വ.ഭ.വ. തീയതി 27.02.2020 പ്രകാരം ജി.പി.എസ്.ഉപകരണം ഘടിപ്പിച്ച ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്തേണ്ടതും ജി.പി.എസ്.ലോഗും വാഹനത്തിന്റെ ലോഗ്ബുക്കും ക്രോസ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പുവരുത്തിയതിന് ശേഷം മാത്രം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ ചെലവ് തുക വിനിയോഗിക്കേണ്ടതുമാണ്. എന്നാൽ ടി സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ വാർഡ് മെമ്പർമാർ ഒപ്പിട്ട ട്രിപ്പ് ഷീറ്റിന്റെ മാത്രം അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നൽകിയത്. വാഹനത്തിന്റെ ജി.പി.എസ്.ലോഗും ലോഗ്ബുക്കും ഹാജരാക്കിയില്ല. ട്രിപ്പ്ഷീറ്റിൽ വാഹനത്തിന്റെ ഡ്രൈവറും മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും ഒപ്പിട്ടില്ല. സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് ജി.പി.എസ്.ലോഗും വാഹനത്തിന്റെ ലോഗ്ബുക്കിലെ രേഖപ്പെടുത്തലുകളും തമ്മിൽ ക്രോസ് ചെക്ക് ചെയ്ത് ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം കുടിവെള്ളം വിതരണം ചെയ്യുന്ന കരാറുകാർക്ക് തുക നൽകേണ്ടതാണ്.

## 1-24 മുൻകൂറുകൾ ക്രമീകരിച്ചില്ല

1)കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന് ഗൃഹശ്രീ പദ്ധതിക്ക് നല്കിയ 11,00,000 /- രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല (Advance To Implementing Agencies -460500203). 2016-17 വർഷത്തെ മുന്നിരിപ്പായി കാണിച്ചിട്ടുള്ള ഈ തുക നല്കിയിരിക്കുന്നതിന്റെ വിശദാംശങ്ങൾ (തീയതി, വൗച്ചർ നം.) ലഭ്യമല്ല.

2) പാർപ്പാകോട് സ്റ്റേഡിയത്തിൽ കുഴൽകിണർ നിർമ്മാണത്തിന് വേണ്ടി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് നല്കിയ 43000/- രൂപ (വൗച്ചർ നം. 21700959, 20.12.17) നാളിതുവരെ ക്രമീകരിച്ചിട്ടില്ല (Advance To Implementing Agencies -460500204).

3)Advance To Other Authorised Agencies -460500399 എന്ന ഹെഡ്ഡിൽ അഡ്വ.സി.പി.ഉദയഭാനുവിന് WP(C)30269 /16 എന്ന കേസിന് ലീഗൽ ചാർജായി 3000/- രൂപ07.11.16 ലെ വൗച്ചർ നം. 21600565 പ്രകാരം നല്കിയിട്ടുണ്ട്. ഈ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

ഇവ ക്രമീകരിക്കാത്തത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം.1, 27.05.22) ഹാജരാക്കിയ മറുപടിയിൽ ക്രമ നം.2 ൽ പരാമർശിച്ചതും കുഴൽക്കിണർ നിർമ്മാണത്തിനുവേണ്ടി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്

നല്കിയതുമായ തുകയുടെ വിനിയോഗസാക്ഷ്യപത്രം നാളിതുവരെ ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് തുക ക്രമീകരിക്കുന്നതാണെന്നും അറിയിച്ചു. ക്രമ നം.3 ൽ പരാമർശിച്ച കേസ് തീർപ്പായിട്ടില്ലെന്നും തീർപ്പാകുന്ന മുറയ്ക്ക് അഡ്വക്കേറ്റിന് നല്കിയ തുക ക്രമീകരിക്കുന്നതാണെന്നും അറിയിച്ചു. കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന് ഗൃഹശ്രീ പദ്ധതിക്ക് നല്കിയ 11,00,000/- രൂപ സംബന്ധിച്ച മറുപടി, ഫയൽ എന്നിവ ഹാജരാക്കിയില്ല. ഗൃഹശ്രീ പദ്ധതി നടപ്പാക്കിയിട്ടില്ലെങ്കിൽ നല്കിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 സാമൂഹ്യസുരക്ഷ പെൻഷൻ - അപാകതകൾ

സാമൂഹ്യസുരക്ഷ പെൻഷനുകളുടെ വിതരണം സംബന്ധിച്ച് സേവനപെൻഷൻ പോർട്ടൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ സൂചിപ്പിച്ച്കൊണ്ട് 01.06.2022-ൽ നൽകിയ 14-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

1)ഗുണഭോക്താക്കളുടെ മരണശേഷം സേവന പെൻഷൻ അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിയാത്ത തുകകൾ സസ്പെൻസ് അക്കൗണ്ടിൽ വിവിധ ബാങ്കുകളിൽ നിലനിൽക്കുന്നു. ടി തുകകൾ കണ്ടെത്തി തിരികെ സോഷ്യൽ സെക്യൂരിറ്റി മിഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് അടവാക്കുന്നതിനായി ബാങ്കുകളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടില്ല.

2) ധനകാര്യ (എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ സ.ഉ. (എം.എസ്) നം. 278/2018ധന. തീയതി 3.8.2018 പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കാനും ഇത്തരത്തിൽ സർക്കാരിൽ നിന്നും അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക അനന്തരാവകാശികളിൽ നിന്നും തിരിച്ചു പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പെൻഷനറുടെ മരണശേഷവും തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു.

എ). ആനന്ദവല്ലി (പെൻഷണർ ഐഡി / പെൻഷൻ ഇനം : 106730100711 / കർഷക തൊഴിലാളി പെൻഷൻ ) എന്ന ഗുണഭോക്താവ് 11.04.2020-ന് മരണപ്പെട്ടിട്ടുള്ളതാണ്. മരണശേഷം പെൻഷൻ അക്കൗണ്ട് സസ്പെന്റ് ചെയ്യാതെ ആക്ടീവ് ആയി നിലനിൽക്കുന്നു. ഇങ്ങനെയുള്ള കേസുകളിൽ സേവന പോർട്ടലിൽ ബാങ്ക്/പോസ്റ്റ് ഓഫീസ് റിമാർക്ക് എന്ന കോളത്തിൽ Deceased എന്നു കാണിച്ചിട്ടുണ്ടെങ്കിലും സ്റ്റാറ്റസ് ആക്ടീവ് ആയതിനാൽ പെൻഷൻ തുക ഡി.ബി.ടി സെല്ലിൽ നിന്നും നിലവിലും ബാങ്ക് അക്കൗണ്ടിലേക്ക് അയക്കുന്നതായിക്കാണുന്നു. എന്നാൽ മെയ് 2020 മുതൽ ഏപ്രിൽ 2022 വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല എന്നും മെയ് 2022 ൽ തുക സഹകരണബാങ്കിന് കൈമാറിയിരിക്കുന്നു.

മേൽ പ്രതിപാദിച്ചതിന് സമാനമായ എതാനും ചില ഉദാഹരണങ്ങൾ കുടി ചുവടെ ചേർക്കുന്നു

| ക്രമ നം : | പെൻഷണറുടെ പേര് | പെൻഷണർ ഐഡി | പെൻഷൻ ഇനം | മരണം നടന്ന തീയതി |
|---|---|---|---|---|
| 1 | ലക്ഷ്മി ഇ. | 106730 200383 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11.07.2020 |
| 2 | അമ്മിണി തേവൻ | 106730 200429 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 01.05.2020 |

സമാനമായ രീതിയിലുള്ളതും, മരണശേഷമോ, മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിന് ശേഷമോ അക്കൗണ്ട് സ്റ്റാറ്റസ് ആക്റ്റിവ് ആയി തുടരുന്നതുമായ മറ്റെല്ലാ പെൻഷണർമാരുടെയും അക്കൗണ്ടുകൾ സസ്പെന്റ് ചെയ്യുന്നതിനോ, വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽ അപാകങ്ങൾ പരിഹരിച്ച് വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 നിക്ഷേപ പ്രവൃത്തി-വിനിയോഗ വിവരം ലഭ്യമല്ല

2020-21 വർഷം ധനകാര്യ കമ്മീഷൻ ബേസിക്,ടൈഡ് ഗ്രാന്റുകൾ,തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് 07 പ്രവൃത്തികൾ ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയിൽ 17,82,289/-രൂപയും 2 പ്രവൃത്തികൾ ചെയ്യുന്നതിന് കെ.എസ്.ഇ.ബി.ക്ക് 4,26,110/-രൂപയും നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | നിർവ്വഹണ ഏജൻസിയുടെ എസ്റ്റിമേറ്റ് | കുറവായി അടവാക്കിയ തുക | ബിൽ നമ്പർ/ വൗച്ചർ നമ്പർ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | പ്രകാരം തുക | | |
| 1 | 263/2021 | പുലിമലപ്പടി കാരിത്തടം റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 1,20,000/- (ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ്)<br>5,000/-(തനത് ഫണ്ട്) | 1,20,000/-<br>5000/- | 1,25,000/- | 0<br>0 | 253/28.01.21<br>22001007/24.2.21 |
| 2 | 283/2021 | ആളൂർ താഴം റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ വാർഡ് 11 | 2,00,000/- (ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ്) | 1,63,000/- | 1,63,000/- | 0 | 271/18.2.21 |
| 3 | 266/21 | മില്ലുംപടി ചെട്ട്യാംകുന്നേൽ റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 2,00,000/- (ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ്) | 2,00,000/- | 2,08,000/- | 8000/- | 270/18.2.21 |
| 4 | 265/2021 | പുതുക്കളം നിരപ്പ് ലൈൻ റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 2,20,000/- (ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ്) | 2,20,000/- | 2,30,000/- | 10,000/- | 269/18.2.21 |
| 5 | 284/2021 | ആരക്കുന്നം ഊഴക്കോട് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ സെക്കന്റ് റീച്ച് | 2,61,466/- (ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ്) | 2,21,789/- | 7,08,000/- | | 368/29.3.21 |
| 6 | 264/2021 | വറുങ്ങിൻചുവട് മനയിട കോളനി റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 3,70,000/- (ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ്) | 3,70,000/- | 3,80,000/- | 10,000/- | 268/18.2.21 |
| 7 | 226/2021(സ്പിൽ ഓവർ) | ആരക്കുന്നം ഊഴക്കോട് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 4,82,500/- (ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ്) | 4,82,500/- | 7,08,000/- (ക്രമനമ്പർ 5,7 എന്നിവ യുടെ എസ്റ്റിമേറ്റ് ഒരുമിച്ചാണ് കെ.ഡബ്ല്യൂ.എ. തന്നിരിക്കുന്നത്) | 3711/-(ക്രമ നമ്പർ 5,7 പ്രൊജക്ടുകളുടെ എസ്റ്റിമേറ്റ് തുകയായ 7,08,000/-ൽ നിന്നും ടി പ്രൊജക്ടുകളിലെ ആകെ ചെലവ് തുകയായ 7,04,289/-രൂപ കുറവു ചെയ്തപ്പോൾ ലഭിച്ച തുക). | 267/18.2.21 |
| 8 | 167/2021(സ്പിൽ ഓവർ) | കെ.എസ്.ഇ.ബി.ലൈൻ എക്സ്റ്റൻഷൻ | 1,16,110/- (ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്) | 1,16,110/- | 1,25,552/- | 9,442/- | 01/11.4.20 |
| 9 | 294/2021 | വിവിധ റോഡുകളിൽ കെ.എസ്.ഇ.ബി.ലൈൻ എക്സ്റ്റൻഷൻ | 3,10,000/- (ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്) | 3,10,000/- | 3,10,000/- | 0 | 293/13.3.21 |
| | | | ആകെ | 22,08,399/- | | | |

മേൽപ്പറഞ്ഞ പട്ടികയിൽ ക്രമനമ്പർ 3, 4, 5, 6, 7, 8 എന്നിവയിൽ നിർവ്വഹണ ഏജൻസി നൽകിയ എസ്റ്റിമേറ്റിലും കുറവ് തുകയാണ് അടവാക്കിയത്. മുൻ വർഷങ്ങളിൽ വാട്ടർ അതോറിറ്റി പ്രവൃത്തി ആരംഭിക്കുക പോലും ചെയ്യാതെ തുക വർഷങ്ങൾക്കു ശേഷം തിരികെ നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രവൃത്തി ഭൗതീകമായി നിലവിൽ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് ഉപകാരപ്രദമായോ എന്നതിൽ സംശയമുണ്ട്. എസ്റ്റിമേറ്റിലും കുറഞ്ഞതുക അടവാക്കിയതിന്റെ കാരണം

വ്യക്തമല്ല. എസ്റ്റിമേറ്റുകൾ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചതിനു ശേഷമല്ല തുക കൈമാറിയത്. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നിവയുമായി പൂർത്തീകരണ തീയതി ഉൾപ്പെടുത്തി സെക്രട്ടറി കരാറിൽ ഏർപ്പെട്ടില്ല.

മേൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടും പ്രവൃത്തികളെല്ലാം ഭൗതികമായി പൂർത്തീകരിച്ചിട്ടുണ്ടോയെന്നും നിലവിൽ ഏതെങ്കിലും പ്രവൃത്തി ആരംഭിക്കാൻ ബാക്കിയുണ്ടോയെന്നും അറിയിക്കുവാനും വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നിവിടങ്ങളിൽ നിന്നും പൂർത്തീകരണ സാക്ഷ്യ പത്രം, ധന വിനിയോഗ സാക്ഷ്യ പത്രം എന്നിവ ലഭിച്ചിട്ടുണ്ടെങ്കിൽ ഹാജരാക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 19/01.6.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ നിക്ഷേപ പ്രവൃത്തികൾക്ക് പ്രൊജക്ടുകൾ മുഖേന ചെലവഴിച്ച 22,08,399/-രൂപ തടസപ്പെടുത്തുന്നു.

1-27 പ്രൊജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഇനത്തിന് തുക ചെലവഴിച്ചു

| | |
|---|---|
| പ്രൊജക്ട് നമ്പർ | 128/2021 |
| പ്രൊജക്ടിന്റെ പേര് | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ-യാത്രാ സൗകര്യം ഒരുക്കൽ |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| അടങ്കൽ | 1,38,992/-(തനത് ഫണ്ട്) |
| ചെലവ് | 8000/-(വൗച്ചർ നമ്പർ-22000098/15.5.20) |

ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലെ കുട്ടികൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിനുള്ള ചെലവുകൾക്കായി വിഭാവനം ചെയ്ത് ഡി.പി.സി.അംഗീകാരം ലഭിച്ചതാണ് 128/2021നമ്പർ പ്രൊജക്ട്. 2020-21വർഷം കോവിഡിനെ തുടർന്ന് ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിക്കാതിരുന്നതിനാൽ കുട്ടികൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിന് തുക ചെലവഴിക്കേണ്ടി വന്നില്ല. ഇക്കാരണത്താൽ ഈ പ്രൊജക്ട് നടപ്പിലാക്കാൻ സാധിക്കുകയില്ലായിരുന്നെന്നു വ്യക്തമാണ്. എന്നാൽ 2019-20 വാർഷിക പദ്ധതിയിലെ പ്രൊജക്ട് നമ്പർ-220/20-ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ സ്ഥാപിക്കൽ- എന്ന പ്രൊജക്ടിൽ ഉൾപ്പെട്ട പ്രവൃത്തിയായ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ ബോർഡ് ഭിത്തിയിൽ പെയിന്റ് ചെയ്ത് എഴുതുന്നതിന് ചെലവായ തുക കര്യാക്കോസ് കെ.യു.എന്ന വ്യക്തിക്ക് നൽകുകയും സുലേഖ ചെലവ് പത്രികയിൽ 128/21 നമ്പർ പ്രൊജക്ടിലെ ചെലവായി ഉൾപ്പെടുത്തുകയും ചെയ്തു.

ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ ബോർഡ് ഭിത്തിയിൽ പെയിന്റ് ചെയ്ത് എഴുതുന്ന പ്രവൃത്തി 2019-20 വർഷത്തെ പ്രൊജക്ട് നമ്പർ-220/20 ൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് പ്രവൃത്തിക്കു ലഭിച്ച കുറഞ്ഞ ക്വട്ടേഷൻ അംഗീകരിച്ചു കൊണ്ട് 04.01.2020ലെ 1(18)നമ്പർ തീരുമാനം പ്രകാരം പഞ്ചായത്ത് കമ്മറ്റി ഐ.സി.ഡി.എസ്.സൂപ്പർവൈസറെ ചുമതലപ്പെടുത്തിയിട്ടുള്ളതായിരുന്നു. ടി പ്രൊജക്ടിൽ ഉൾപ്പെടുത്തി തുക ചെലവ് ചെയ്യാതെ 2020-21 വർഷം ഡി.പി.സി.അംഗീകാരം ലഭിച്ചതും ടി വർഷം നിർവ്വഹണം സാധ്യമല്ലാത്തതുമായ തികച്ചും വ്യത്യസ്തമായ മറ്റൊരു പ്രൊജക്ടിൽ ഉൾപ്പെടുത്തി തുക ചെലവ് ചെയ്ത നിർവ്വഹണോദ്യോഗസ്ഥയുടെ നടപടി തെറ്റാണ്. നിർവ്വഹണോദ്യോഗസ്ഥയുടെ ഈ നടപടി വഴി നടപ്പിലാക്കാൻ സാധിക്കാത്ത ഒരു പ്രൊജക്ട് നടപ്പിലാക്കിയതായി രേഖകളിൽ വരുകയും ചെയ്തു.പഞ്ചായത്ത് കമ്മറ്റിയെ ഇക്കാര്യം നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചതായും കാണുന്നില്ല. ചെലവുകൾ അതാത് കാര്യങ്ങൾക്കായി വിഭാവനം ചെയ്ത പ്രൊജക്ടുകളിൽ മാത്രം ഉൾപ്പെടുത്തി ചെയ്യുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-28 ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ നിലനിൽക്കുന്നു

2003-04 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് മുതൽ 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് വരെ ആകെ 15 റിപ്പോർട്ടുകളിലായി 102 പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. 2015-16 മുതൽ 2019-20 വരെയുള്ള അവസാന അഞ്ച് വർഷങ്ങളിലെ തീർപ്പാക്കാനവശേഷിക്കുന്ന പ്രധാന പരാമർശങ്ങൾ താഴെ ചേർക്കുന്നു.

1)2015-16 വർഷത്തെ ഓഡിറ്റ് പരാമർശമായ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെട്ട സേവനത്തിന് സേവനനികുതി നല്കി എന്നത് തീർപ്പാക്കുന്നതിന് നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

2) 2016-17 വർഷ റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല, നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകകളുടെ ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല എന്നിവ ഇതുവരെ തീർപ്പാക്കിയിട്ടില്ല.

3)കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നത്, ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത്, മരാമത്ത് പ്രവൃത്തികളിലെ കാലതാമസത്തിന് ഫൈൻ ഈടാക്കാതിരുന്നത് എന്നിവയും സ്വയംതൊഴിൽ സംരംഭത്തിലെയും സ്കൂൾ വിദ്യാർത്ഥികൾക്ക് കളിയുപകരണങ്ങൾ വാങ്ങിയതിലെയും അപാകതകൾ തുടങ്ങിയവയും 2017-18 വർഷത്തെ റിപ്പോർട്ടിൽ തീർപ്പാക്കാത്ത പരാമർശങ്ങളായി ഇപ്പോഴും നിലനിൽക്കുന്നു.

4)തൊഴിൽ നികുതി ഈടാക്കിയില്ല, ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്തവർക്ക് ആട് വിതരണം ചെയ്തു, ഭിന്നശേഷിക്കാരുടെ പ്രത്യേക രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല, നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകകളുടെ ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല, വിവിധ ആവശ്യങ്ങൾക്ക് പണിത കെട്ടിടങ്ങൾ ഉപയോഗിക്കുന്നില്ല, തെരുവ് വിളക്ക് അറ്റകുറ്റപണിയിലെ അപാകതകൾ എന്നീ പരാമർശങ്ങൾ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ തീർപ്പാക്കാതെ അവശേഷിക്കുന്നു .

5)2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന ഗ്രാമസഭ നിയമപ്രകാരം കൂട്ടുന്നില്ല, നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് നിയമാനുസൃത പിഴ ഈടാക്കിയില്ല, ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല, സാധനങ്ങൾ വാങ്ങുമ്പോൾ പ്രൊക്യൂർമെന്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല, തൊഴിൽ നികുതി ഈടാക്കിയില്ല തുടങ്ങിയവയും കുടിവെള്ളവിതരണത്തിലെ അപാകതകൾ സംബന്ധിച്ചും ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്തവർക്ക് ആട് വിതരണം ചെയ്തത് സംബന്ധിച്ചുമുള്ള പരാമർശങ്ങളും തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

കഴിഞ്ഞ 5 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിലെ പ്രധാന പരാമർശങ്ങളാണ് ഇവ. ഇവയും 2003-04 മുതൽ 2014-15 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിലനിൽക്കുന്ന പരാമർശങ്ങളും തീർപ്പാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 എടയ്ക്കാട്ടുവയൽ- കാർഷിക വിപണനകേന്ദ്ര നിർമ്മാണം - സ്റ്റീലിന് വില അധികം നല്കി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എടയ്ക്കാട്ടുവയൽ- കാർഷിക വിപണനകേന്ദ്ര നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എൻജിനിയർ |
| പ്രോജക്ടിന്റെ നം/ വർഷം | 1)227/2020-21 |
| അടങ്കൽ തുക / ഫണ്ട് | 1)1,48,61,000/- NABARD RIDF Fund |
| ചെലവ് തുക/ ബിൽ നം തിയതി | 1) 25,24,000 രൂ. ഉത്തരവ് നം. RD1-515/2009 Dtd.7.10.2020 |

എടയ്ക്കാട്ടുവയൽ- കാർഷിക വിപണനകേന്ദ്ര നിർമ്മാണം പ്രവർത്തിയ്ക്ക് 27.2.2018 ലെ LSGD/TS/2017 -18/2341 ഉത്തരവ് പ്രകാരം 2കോടി രൂപയ്ക്ക് ഭരണാനുമതിയും 1,87,76,000 രൂപയ്ക്ക് സാങ്കേതികാനുമതിയും

ലഭ്യമായിട്ടുണ്ട്. തുടർന്ന് ടെൻഡർ ക്ഷണിക്കുകയും ഏറ്റവും കുറവ് ക്വോട്ട് ചെയ്ത (1,65,89,175/-രൂപ) ക്യൂബിക്സ് ഇൻഫ്രാസ്ട്രക്ച്ചേഴ്സ് എന്ന സ്ഥാപനത്തിന് പ്രവർത്തി ഏല്പിക്കുകയും ചെയ്തു. (എഗ്രി.നം 1/18-19 തി 7.5.2018). എടയ്ക്കാട്ടുവയൽ ഗ്രാമ പഞ്ചായത്ത് അസി. എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള കാർഷിക വിപണനകേന്ദ്ര നിർമ്മാണം എന്ന ഈ പ്രോജക്റ്റിനായി 20-21 വർഷം ചെലവുരേഖ പ്രകാരം 25,24,000/- രൂപ ചെലവുണ്ട്. ഈ പ്രോജക്റ്റിനായി നാളിതുവരെ 1,50,09,000/- (NABARD RIDF Fund) ചെലവഴിച്ചിട്ടുണ്ട്. പ്രോജക്റ്റിന്റെ ആകെ ചെലവ് ഫയൽ പ്രകാരം 1,78,77,717/- (VI Th And Final Bill) രൂപയാണ്. രണ്ട് നിലകളിലായി 13000 സ്ക്വയർ ഫീറ്റ് (ഫയൽ പ്രകാരം) വിസ്തീർണ്ണമുള്ള കെട്ടിടമാണ് നിർമ്മിച്ചിട്ടുള്ളത്.

ഇതിന്റെ നിർമ്മാണ പ്രവർത്തിയിൽ സ്റ്റീലിന് അധികവില നല്കിയതായി കാണുന്നുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു. VI Th Final Bill- Appendix A

| ഇനം | സ്പെസിഫിക്കേഷൻ | അളവ് | നിരക്ക് | നല്കിയ തുക |
|---|---|---|---|---|
| 7 | 5.33.1 Providing And Laying In Position Machine Batched And Machine Mixed Design Mix M-25 Grade Cement Concrete | 93.556 $M^3$ | 7481 | 528502.73 |
| 8 | 5.33. Providing And Laying In Position Machine Batched And Machine Mixed Design Mix M-25 Grade Cement Concrete | 298.097$m^3$ | 7676 | 2159259.8 |
| 11 | 5.22.3 Steel Reinforcement For RCC Work Complete | 42215 Kg | 81 | 3419479.40 |

ഒരു എം$^3$ സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിന് പരമാവധി ആവശ്യമായ സ്റ്റീലിന്റെ അളവ് 100 Kg ആണ്. (ഈ പഞ്ചായത്തിൽ ആവറേജ് 80 Kg ആണ് കണക്കാക്കിയത്). അതായത് 391.65 എം$^3$ (93.556+298.097)സിമന്റ് കോൺക്രീറ്റ് പ്രവർത്തിയ്ക്ക് ആവശ്യമായ പരമാവധി സ്റ്റീലിന്റെ അളവ് 391.65*100=39165 Kg യാണ്. 1 Kg സ്റ്റീലിന് 81രൂപ നിരക്കിൽ 39165 Kg സ്റ്റീലിന് പരമാവധി 31,72,365/-രൂപയാണ് ചെലവ് വരുന്നത് . നല്കിയത് 42215 Kg സ്റ്റീലിന് 3419479.40 രൂപ. അധികം നല്കിയ തുക 2,47,114/-രൂ.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതിനായി 02.06.2022 ൽ 21-ാം നമ്പരായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. അധികം നല്കിയ തുക 2,47,114/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 1300000 | സമഗ്ര നെൽകൃഷി വികസനം | 1300000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 187500 | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 187500 | 0 |
| | 2019-20 | 852864 | വല്യംപുറം കോളനി സമഗ്രവികസനം | 852864 | 0 |
| | 2020-21 | 704500 | ലൈഫ് ഭവനപദ്ധതി | 704500 | 0 |
| | 2019-20 | 300000 | ,, | 300000 | |
| | 2020-21 | 57000 | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 57000 | 0 |
| | 2020-21 | 649995 | സമഗ്ര നെൽകൃഷി വികസനം | 649995 | 0 |
| | 2020-21 | 249900 | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 249900 | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | 2019-20 | 500000 | ഊരകം എൽ പി എസ് റോഡ് നിർമ്മാണം | 500000 | 0 |
| | 2020-21 | 5600000 | ലൈഫ് ഭവനപദ്ധതി | 560000 | 0 |
| | | 940000 | ലൈഫ് ഭവനപദ്ധതി(SCP) | 940000 | 0 |
| | | 600000 | ,, | 600000 | 0 |
| | | 160000 | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 160000 | 0 |
| | | 238300 | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 238300 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നല്കിയ തുക, വൗച്ചർ നം., തീയതി | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | ലൈൻ എക്സ്റ്റൻഷൻ | 116110/-, 22000873, 07.05.20 | 0 | 116110/- |
| | വിവിധ റോഡുകളിൽ ലൈൻ എക്സ്റ്റൻഷൻ | 310000/- , 22001201, 13.03.21 | 0 | 310000/- |

| | | | | |
|---|---|---|---|---|
| KWA | പുലിമലടി കാരിത്തടം റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 120000/- ,22001055 , 28.01.21 & 5000/-, 22001007, 18.02.21 | 0 | 125000/- |
| | ആരക്കന്നം ഊഴക്കോട് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 482500/-, 22001053, 18.02.21 | 0 | 482500/- |
| | വറളങ്ങിൻചുവട് മനയിടകോളനി കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 370000/-, 22001054, 18.02.21 | 0 | 370000/- |
| | പുതുക്കുളം നിരപ്പ് ലൈൻ റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 220000/-, 22001056, 18.02.21 | 0 | 220000/- |
| | മില്ലുംപടി ചെട്ട്യാംകുന്നേൽ റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 200000/-, 22001057, 18.02.21 | 0 | 200000/- |
| | ആളൂർത്താഴം റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ വാർഡ് 11 | 163000/-, 22001058, 18.02.21 | 0 | 163000/- |
| | ആരക്കന്നം ഊഴക്കോട് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ സെക്കൻഡ് റീച്ച് | 221789/-, 22001254, 29.03.21 | 0 | 221789/- |

തൻവർഷം KSEB യിൽ 426110/- രൂപയും KWA യിൽ 1782289/- രൂപയും നിക്ഷേപപ്രവൃത്തികൾക്ക് നല്കിയിട്ടുണ്ട് . 2020-21ലെ വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിൽ ചെലവഴിക്കാത്ത മുൻകൂറായി KSEB ൽ1947343/- രൂപയും (ഹെഡ് കോഡ് 460500202 ) KWA യിൽ 2998497 /-രൂപയും (ഹെഡ് കോഡ് 460500201) കാണിച്ചിട്ടുണ്ട് .

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തൻവർഷം ലഭിച്ചത് | തിരിച്ചട ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| 1 | ലൈഫ് കെ.യു.ആർ. ഡി.എഫ്.സി | ഓൺലൈൻ ട്രാൻസ്ഫർ | 6582871 | 3840000 | 59,94,636 | 819765 | - | 9014871 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2011-12 | 3-11 | 2013-14 | 6-3,6-(3),(1, 2) | തൊഴിൽ നികുതി | ഖണ്ഡികകളിലെ പരാമർശങ്ങൾക്കനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 2015-16 | 2(1)എ | 2016-17 | | 12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | തൊഴിൽ നികുതി ഈടാക്കുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ,, | 2(സി) | ,, | | റെയിൽവെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | റെയിൽവെ ഡിവിഷണൽ മാനേജർക്ക് 25-01-2017, 18-07-2017, 23-08-2018 തീയതികളിൽ അറിയിപ്പ് നൽകി. |
| ,, | 2(ഡി) | ,, | | പഞ്ചായത്ത് വാഹനത്തിന്റെ ഡ്രൈവർ ശ്രീ.ബിനോയ് ജോസഫിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല. | 15-02-2017 ന് ഈടാക്കി ഒടുക്കിയിട്ടുണ്ട്. |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,47,87,209.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,72,10,801.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,47,114.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 46,70,124.00 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 2,47,114 | ശോഭിനി ടി.വി. അസി.എൻജിനിയർ |
| | | |
| ആകെ | 247114 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 5,99,549 | ഇ.കെ.കൃഷ്ണൻകുട്ടി സെക്രട്ടറി |
| 1-13 | 2,00,000 | ഇ.കെ.കൃഷ്ണൻകുട്ടി സെക്രട്ടറി |
| 1-16 | 50,000 | രാജശ്രീ കെ സെക്രട്ടറി |
| 1-17 | 7,89,312 | ഇ.കെ.കൃഷ്ണൻകുട്ടി സെക്രട്ടറി |
| 1-20 | 8,22,864.00 | ശോഭിനി .ടി.വി. അസി.എൻജിനിയർ |
| 1-26 | 22,08,399 | 1,16,110/- ഇ.കെ.കൃഷ്ണൻകുട്ടി, സെക്രട്ടറി |
| | | 15,60,500/- രാജശ്രീ കെ (02/11/2020 മുതൽ 28/02/2021 വരെ കാലയളവിലെ ബില്ലുകൾ) |
| | | 5,31,789/- സുനിൽകുമാർ ടി.കെ (Head Clerk, Secretary In Charge) (11/03/2021 മുതൽ 31/03/2021 വരെ കാലയളവിലെ ബില്ലുകൾ) |
| ആകെ | 46,70,124 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശോഭിനി ടി.വി. അസി.എൻജിനിയർ | അസി.എൻജിനിയർ അങ്കമാലി നഗരസഭ | കവിനിശ്ശേരിയിൽ , മേമ്മുഖം, മണീട് പിഒ |
| രാജശ്രീ കെ സെക്രട്ടറി, | വിരമിച്ചു | 4 ബി, ലോട്ടസ് ഗാർഡൻസ് അപ്പാർട്ട്മെൻറ്,തൃപ്പൂണിത്തുറ, |
| സുനിൽകുമാർ ടി.കെ (Head Clerk , Secretary In Charge) | എ.ഡി.പി ഓഫീസ്, കോട്ടയം | കൃഷ്ണ, കുലയറ്റിക്കര പി.ഒ, അരയൻകാവ് |
| ഇ.കെ.കൃഷ്ണൻകുട്ടി, സെക്രട്ടറി | സെക്രട്ടറി, പോത്താനിക്കാട് ഗ്രാമ പഞ്ചായത്ത് | എലിമ്മേൽ ഹൗസ്, നെച്ചൂർ പി.ഒ. മണീട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് |
|---|---|

| | റിപ്പോർട്ടുകളുടെ /ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1992-93 | എൽ.എഫ്.ഇ.(പി6) 2265/13, 05.03.14 |
| 1998-99 | എൽ.എഫ്.ഇ. (പി6) 680/15, 11.12.15 |
| 2001-02 | എൽ.എഫ്.ഇ. (പി6) 1134/07, 22.05.09 |
| 2001-02 (പദ്ധതിചെലവ്) | എൽ.എഫ്.ഇ. (പി4) 1438/03/ 10.12.08 |
| 2002-03 (പദ്ധതി ചെലവ്) | എൽ.എഫ്.ഇ. (പി4) 1245/05, 02.03.06 |
| 2003-04 | കെഎസ്എ-ഇകെഎം(പി6) 1478(iii)/19, 23.07.19 |
| 2004-05 | കെഎസ്എ-ഇകെഎം(പി6) 1478(iv)/19, 23.07.19 |
| 2005-06 | കെഎസ്എ-ഇകെഎം(പി6) 1478(v)/19, 23.07.19 |
| 2007-08 | കെഎസ്എ-ഇകെഎം(പി6) 1478(vii)/19, 23.07.19 |
| 2008-09 | കെഎസ്എ-ഇകെഎം(പി6) 1478(viii)/19, 23.07.19 |
| 2009-10 | കെഎസ്എ-ഇകെഎം(പി6) 1478(ix)/19, 23.07.19 |
| 2010-11 | കെഎസ്എ-ഇകെഎം(പി6) 1478(x)/19, 23.07.19 |
| 2011-12 | കെഎസ്എ-ഇകെഎം(പി6) 1478(xi)/19, 23.07.19 |
| 2012-13<br>2013-14 | കെഎസ്എ-ഇകെഎം(പി6) 1478(xii)/19, 23.07.19 |
| 2014-15 | കെ.എസ്.എ.-ഇ.കെ.എം.(പി.6) 1478(xiii)/19, 23.07.19 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം.(പി.6) 1478(xiv)/19, 23.07.19 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം.(പി.6) 1414/17, 11.05.18 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി.6) 2214/18, 05.11.18 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(പി.6) 145/20, 13.03.20 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(പി.6) 387/2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ എടയ്ക്കാട്ട്‌വയൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്